പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 374 25.06.2014 ലെ മറുപടിക്ക്

**പട്ടികജാതിക്കാർക്ക് വീട്ടുവെയ്ക്കാനുള്ള ഭൂമി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ.രാജു എബ്രഹാം | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീടു വെയ്ക്കാനുള്ള ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി സംബന്ധിച്ച അവലോകനം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (എ) | ഭൂരഹിത പുനരധിവാസ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് വകുപ്പ് തലത്തിൽ പ്രതിമാസ അവലോകനം നടത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥർ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കാറുമുണ്ട്. |
| (ബി) | മുൻവർഷത്തെ ബഡ്ജറ്റിൽ ഇതിനായി നീക്കിവെച്ചിരുന്ന തുകയുടെ 40 ശതമാനത്തിൽ താഴെ മാത്രം വിനിയോഗിക്കാനിടയായതിന്റെ കാരണം അറിയിക്കാമോ; | (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ ഭൂരഹിത പുനരധിവാസ പദ്ധതിക്ക് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നീക്കി വച്ചിരുന്ന 7567.95 ലക്ഷം രൂപയിൽ 7564.705 ലക്ഷം രൂപയും (99%) അധിക കേന്ദ്ര സഹായമായി ലഭിച്ച 2431.80 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഭൂമിയുടെ വില വർദ്ധന കണക്കിലെടുത്ത് ധനസഹായ തുക വർദ്ധിപ്പിക്കാത്തത് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഘാതമായതായി കരുതുന്നുണ്ടോ; എങ്കിൽ തുക വർദ്ധിപ്പിച്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് വീട് വെയ്ക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിന് നൽകിയിരുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിൽ 75,000/- രൂപയും മുനിസിപ്പാലിറ്റികളിൽ 90,000/-രൂപയും കോർപ്പറേഷനുകളിൽ 1 ലക്ഷം രൂപയും വീതമായിരുന്നു. എന്നാൽ ഭൂമിയുടെ വിലക്കയറ്റം കണക്കിലെടുത്ത് ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം യഥാക്രമം 1.50 ലക്ഷം രൂപ, 1.75 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന്, മുനിസിപ്പാലിറ്റികളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷത്തിൽ നിന്ന് 2 ലക്ഷമായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷമായും 2013 സെപ്റ്റംബറിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ